# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3642** | **20/06/2019-ൽ മറുപടിയ്ക്ക്**

## ആരോഗ്യ ജാഗ്രതാ പദ്ധതി

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ആരോഗ്യ പരിരക്ഷയ്ക്കും, പകർച്ചവ്യാധി പ്രതിരോധത്തിനുമുള്ള ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ; പ്രസ്തുത പദ്ധതി വിജയപ്രദമാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

എ) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'ആരോഗ്യ ജാഗ്രത' പരിപാടി ആരോഗ്യ വകുപ്പ് 2018 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിവിധ വകുപ്പുകളുടെയും, ഏജൻസികളുടെയും, ആരോഗ്യ പ്രവർത്തകരുടേയും, പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിത പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് ഈ പരിപാടി നടത്തി വരുന്നത്. സംസ്ഥാനതലം മുതൽ വാർഡ്തലം വരെയുള്ള ആലോചനായോഗങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപനയോഗങ്ങൾ, വാർഡ്തല ആരോഗ്യ ശുചിത്വ-പോഷണ സമിതികളുടെ ശാക്തീകരണവും, യോഗങ്ങളും, പ്രത്യേക ഗ്രാമസഭകൾ, ആരോഗ്യ സേനാ രൂപീകരണം, ശുചിത്വ മാപ്പിംഗ്, വാർഡ്തല/ തദ്ദേശ സ്ഥാപനതല കർമ്മ പദ്ധതികൾ, അതിന്റെ അടിസ്ഥാനത്തിലുള്ള രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ, പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രതിരോധ യജ്ഞങ്ങൾ, പൊതുജനാരോഗ്യ നിയന്ത്രണ നിയമപ്രകാരമുള്ള പരിശോധനകളും തുടർനടപടികളും (ഹെൽത്തി കേരളാ കാമ്പയിൻ) എന്നിങ്ങനെയുള്ള പരിപാടികളാണ് നടപ്പിലാക്കി വരുന്നത്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പരിസരശുചിത്വം, കുടിവെള്ള ശുചിത്വം, സംയോജിത കൊതുക് നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങളും ആരോഗ്യ

ജാഗ്രതാ പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. 2018-ൽ പ്രധാന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, മലമ്പനി, എച്ച്1എൻ1, ടൈഫോയിഡ്, കോളറ എന്നിവ 2016-17 നെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. പ്രളയവുമായി ബന്ധപ്പെട്ട് വയളിറക്ക രോഗങ്ങളും, എലിപ്പനിയും കഴിഞ്ഞ രണ്ടു വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായിരുന്നെങ്കിലും 2018-ലെ ആരോഗ്യ ജാഗ്രതാ പരിപാടി ഊർജ്ജിതമായി നടത്തിയതുമൂലം ഈ രോഗങ്ങളും വളരെ പെട്ടെന്നു തന്നെ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചിരുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി വിജയപ്രദമാണെന്നാണ് സർക്കാർ വിലയിരുത്തുന്നത്.

**ബി)** സംസ്ഥാനത്തെ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; ഇതിലൂടെ സംസ്ഥാനത്തെ ആരോഗ്യ രംഗത്തിന് പുതിയ അവബോധം സൃഷ്ടിക്കുന്നതിനും ജനങ്ങൾക്ക് എളുപ്പത്തിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

**ബി)** 2017- 2018 ൽ ആരോഗ്യ വകുപ്പിൽ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കാൻ തിരഞ്ഞെടുത്ത 17 ജില്ലാ തല ആശുപത്രികളിൽ കൊല്ലം ജില്ലാ ആശുപത്രിയിലേത് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ ആശുപത്രി, എറണാകുളം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ 60 % നും 90 % നും ഇടയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജുകളിലെ ഒ.പി ട്രാൻസ്ഫർമേഷൻ പൂർത്തിയായിട്ടുണ്ട്. (കോട്ടയം മെഡിക്കൽ കോളേജിലെ അഡീഷണൽ വർക്ക് ഒഴികെയുള്ളത്) 14 ജില്ലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 28 ആശുപത്രികളിലെ ഒ.പി. ട്രാൻസ്ഫർമേഷൻ ഈ വർഷം എൻ.എച്ച്.എം മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യങ്ങൾ, ടോക്കൺ സംവിധാനം, കാത്തിരിപ്പ് മുറികൾ, കുടിവെള്ള - ടോയ്‌ലറ്റ് സൗകര്യങ്ങൾ, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, ഡിസ്പ്ലേ ബോർഡുകൾ എന്നിവ ഏർപ്പെടുത്തുക വഴി ഒ.പി വിഭാഗത്തിലെ തിരക്ക് കുറയ്ക്കുവാനും,

മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും സാധിക്കുന്നതാണ്.

സി) സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ വീണ്ടും തിരിച്ചുവരുന്നതും പുതിയ വൈറസ് രോഗങ്ങളുടെ വരവും ആരോഗ്യരംഗത്ത് സംസ്ഥാനം നേടിയ നേട്ടങ്ങൾക്ക് മങ്ങലേല്പിച്ചിട്ടുണ്ടോ; എങ്കിൽ ആരോഗ്യ രംഗത്ത് നേടിയ പ്രതാപം വീണ്ടെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

സി) അതിഥി സംസ്ഥാന തൊഴിലാളികളുടെ ഗണ്യമായ വർദ്ധനവും, പുതിയ വൈറസ് രോഗങ്ങളുടെ വരവും മൂലം നേരത്തെ നിയന്ത്രണ വിധേയമായിരുന്ന ചില രോഗങ്ങൾ തിരിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലവും പരിസരവും പലപ്പോഴും മലിനമായ അവസ്ഥയിലാണ് കാണപ്പെടുന്നത്. ഇതുമൂലം കൊതുക്ജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയ രോഗങ്ങളും സംസ്ഥാനത്തു നിന്ന് നിവാരണം ചെയ്യപ്പെട്ടിരുന്ന മലമ്പനി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ കേരളത്തിൽ ഉണ്ടാകുന്ന സാഹചര്യമുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനായി അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തൊഴിൽ/തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെയും അല്ലാതെയും പരിശോധനകൾ നടത്തി വേണ്ട നടപടി സ്വീകരിച്ച് വരുന്നുണ്ട്. പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയാൽ നിലവിൽ ബാധകമായ നിയമമനുസരിച്ച് നോട്ടീസ് നൽകുകയും (പിഴ ഈടാക്കുക, അടച്ചുപൂട്ടുക) ആവശ്യമെങ്കിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പകർച്ചവ്യാധികൾ കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും അവരുടെ ഭാഷയിൽ ബോധവത്കരണം നൽകുകയും ചെയ്യുന്നു. കുഷ്ഠ രോഗബാധിതരെ സമയബന്ധിതമായി കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് 'അശ്വമേധം' എന്ന പേരിൽ കാമ്പയിൻ നടത്തി പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മലമ്പനി, മന്ത് എന്നീ രോഗങ്ങളുടെ രക്ത പരിശോധനയും ആരോഗ്യവകുപ്പ് നടത്തി വരുന്നുണ്ട്.

ഡി) ആർദ്രം പദ്ധതി പ്രകാരം താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിൽ ഗുണമേന്മയുള്ള ചികിത്സാ സൗകര്യം

ഡി) ആർദ്രം പദ്ധതി പ്രകാരം ജില്ലാ/ജനറൽ ആശുപത്രികളിലായി ആൻജിയോപ്ലാസ്റ്റി, കാത്ത് ലാബ് തുടങ്ങിയവ സൂപ്പർ

| | |
|---|---|
| ലഭ്യമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | സ്പെഷ്യാലിറ്റി വിഭാഗങ്ങളും, താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഏർപ്പെടുത്തി. ആധുനിക രീതിയിലുള്ള ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടേതുൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിച്ചു. |

സെക്ഷൻ ഓഫീസർ